File No. DCMPM/1650/2022-LA1 (1)

ജില്ലാ കളക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ മലപ്പുറം-676505
തീയതി :02-11-2026

പത്രക്കുറിപ്പ്

****

ദേശീയപാത 66 ഭൂമി ഏറ്റെടുക്കൽ : ആർബിട്രേഷൻ നടപടികൾക്കായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് താൽകാലിക നിയമനം - അപേക്ഷ ക്ഷണിക്കുന്നു

മലപ്പുറം ജില്ലയിലെ ദേശീയപാത 66 ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച്, ആർബിട്രേറ്റർ കൂടിയായ ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള പരാതികളിൽ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നതിന് ആർബിട്രേറ്ററെ സഹായിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റെ ഒരു (01) താൽക്കാലിക തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

യോഗ്യത: റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ചതും, ലാൻഡ് അക്വിസിഷൻ/ ആർബിട്രേഷൻ വിഷയങ്ങളിൽ പ്രവൃത്തിപരിചയവും അവഗാഹവുമുള്ള വ്യക്തികൾക്ക് അപേക്ഷിക്കാവുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിധം: താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും വിശദമായ ബയോഡാറ്റയും സഹിതം ***13/11/2026-ന് വൈകീട്ട് 05:00 മണിക്ക്*** മുമ്പായി താഴെ പറയുന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ അപേക്ഷ സമർപ്പിക്കേണ്ടതാണ്

വിലാസം: ഡെപ്യൂട്ടി കളക്ടർ (എൽ.എ), കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, മലപ്പുറം - 676505

കൂടുതൽ വിവരങ്ങൾക്ക് കളക്ടറേറ്റിലെ ലാൻഡ് അക്വിസിഷൻ (എൽ.എ) വിഭാഗവുമായി **0483-2739581** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Digitally signed by
Preetha Prathapan
Date: 02-11-2026
18:11:00

PREETHA PRATHAPAN, DYC(LA) DCMPM..., O/O DYC(LA) DCMPM

ജില്ലാ കളക്ടർക്കു വേണ്ടി

പകർപ്പ്

1. ജില്ലാ കളക്ടറുടെ കാര്യാലയം, പെരിന്തൽമണ്ണ സബ്കളക്ടറുടെ കാര്യാലയം, തിരൂർ ആർ.ഡി.ഒ യുടെ കാര്യാലയം, എല്ലാ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ എൻ.എച്ച് 66/966) / എയർപ്പോർട്ട് കാര്യാലയം, എല്ലാ താലൂക്ക് തഹസിൽദാർമാരുടെ കാര്യാലയം, എല്ലാ സ്പെഷ്യൽ (എൽ.എ) തഹസിൽദാർമാരുടെ കാര്യാലയം, എന്നിവടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിന്.
2. ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക് സെന്റർ, മലപ്പുറം (ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നോട്ടീസ് ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പ്രസിദ്ധീകരണത്തിനായി ആമുഖ കത്ത് സഹിതം)